**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5682 | 18.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി വർക്കർമാരുടെയും ആയമാരുടെയും ആനുകൂല്യ വർദ്ധനവ്** | |
| ചോദ്യം | മറുപടി |
| **ശ്രീ.കെ. ദാസൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) അംഗൻവാടി വർക്കർമാരുടെയും ആയമാരുടെയും ശമ്പളത്തിൽ ഈ സർക്കാർ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ വിഭാഗക്കാർക്കായി അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | എ) അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം യഥാക്രമം 10,000/- രൂപയായും 7,500/- രൂപയായും 25/02/2016-ൽ വർദ്ധിപ്പിച്ചിരുന്നുവെങ്കിലും വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് പ്രാബല്യത്തിൽ വന്നിരുന്നില്ല. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം വർദ്ധനവിന്റെ 50% സാമൂഹ്യനീതി വകുപ്പ് വഹിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് വർദ്ധിപ്പിച്ച തുക ജീവനക്കാർക്ക് ലഭ്യമായത്. 11/02/2019 ലെ സ.ഉ(സാധാ) നം.81/2019/സാനീവ പ്രകാരം, 01/10/2018 മുതൽ പ്രാബല്യത്തിൽ സംസ്ഥാനത്തെ മെയിൻ അങ്കണവാടി വർക്കർമാരുടെ ഓണറേറിയം ₹11,500/-(പതിനൊന്നായിരത്തി അഞ്ഞൂറു രൂപ മാത്രം) ആയും മിനി അങ്കണവാടി വർക്കർമാരുടെ ഓണറേറിയം ₹10,500/- (പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആയും അങ്കണവാടി ഹെൽപ്പർമാരുടെ ഓണറേറിയം ₹7,750/- (ഏഴായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) ആയും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. അതുപോലെ പ്രതിമാസ ഓണറേറിയത്തിനു പുറമേ അങ്കണവാടി ഹെൽപ്പർമാർക്ക് അങ്കണവാടി സെന്ററുകളുടെ ശരിയായ |

ശരിയായ നടത്തിപ്പിൽ അവരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം ₹250/-(ഇരുന്നൂറ്റി അൻപത് രൂപ മാത്രം) ഇൻസെന്റീവ് (Performance linked incentive) നൽകുന്നതിനും ഉത്തരവായിട്ടുണ്ട്. ഈ വർഷത്തെ ബജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 12000/- രൂപയും ഹെൽപ്പർമാരുടെ ഓണറേറിയം 8000/- രൂപയുമായും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബി) ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതിൽ കേന്ദ്രധനസഹായം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കേന്ദ്ര വിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര; വ്യക്തമാക്കാമോ?

ബി) ഉണ്ട്, അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം കേന്ദ്ര-സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ് നൽകി വരുന്നത്. ഇതു കൂടാതെ സംസ്ഥാന വിഹിതമായും തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിഹിതമായും അധിക ഓണറേറിയം നൽകി വരുന്നുണ്ട്. അങ്കണവാടി പ്രവർത്തകരുടെ ഓണറേറിയം വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കണക്ക് ശീർഷകം | അങ്കണവാടി വർക്കർ (രൂപയിൽ) | മിനി അങ്കണവാടി വർക്കർ (രൂപയിൽ) | അങ്കണവാടി ഹെൽപ്പർ (രൂപയിൽ) |
|---|---|---|---|---|
| 1 | 2235-02-102-47(P) കേന്ദ്ര വിഹിതം (60%) | 4,500 (കേ.വി. 2,700 + സം.വി. 1,800) | 3,500 (കേ.വി.2,100+ സം.വി. 1,400) | 2,250 (കേ.വി. 1,350 + സം.വി. 900) |
| 2 | 2235-02-102-55(NP) അധിക സംസ്ഥാന വിഹിതം | 4,800 | 4,800 | 4,050 |
| 3 | 2235-02-102-34(NP)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം | 2,200 | 2,200 | 1,450 |
| ആകെ | | 11,500 | 10,500 | 7,750 |

| | |
|---|---|
| | അങ്കണവാടി വർക്കർക്ക് 2700/- രൂപയും മിനി അങ്കണവാടി വർക്കർക്ക് 2100/- രൂപയും അങ്കണവാടി ഹെൽപ്പർക്ക് 1350/- രൂപയും മാത്രമാണ് കേന്ദ്രവിഹിതമായി ലഭിക്കുന്നത്.<br>2018-19 സാമ്പത്തിക വർഷം മുതൽ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രൊജക്റ്റ് വെച്ച് നൽകുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസനഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ 2235-02-102-05-deduct amount transferred from Development Fund towards Honorarium & Allowances of Anganwadi Workers and Helpers (NP) എന്ന കണക്ക് ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ